**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **12-02-2025 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രജിസ്ട്രേഷൻ പുതുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി രജിസ്ട്രേഷൻ പുതുക്കാതിരുന്ന ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റി സഹിതം രജിസ്ട്രേഷൻ പുതുക്കി നൽകുമെന്ന പ്രഖ്യപനത്തെ തുടർന്ന് രജിസ്ട്രേഷൻ പുതുക്കി നൽകിയെങ്കിലും ഇവർക്ക് സീനീയോറിറ്റി ലിസ്റ്റിൽ ഇടം പിടിക്കാൻ സാധിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന്റെ പ്രത്യേക പുതുക്കൽ ആനുകൂല്യം ലഭിച്ച് പുതുക്കുന്ന ഉദ്യോഗാർത്ഥികളെ പുതുക്കൽ രേഖപ്പെടുത്തിയ ഉടൻ തന്നെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയില്ല. 6 മാസം കൂടുമ്പോൾ സീനിയോറിറ്റി ലിസ്റ്റ് റിവ്യൂ ചെയ്യുന്ന അവസരത്തിൽ അവരുടെ സീനിയോറിറ്റി, സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താവുന്നതാണെങ്കിൽ മാത്രമേ അവരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുകയുള്ളു. എന്നാൽ ഈ ആനുകൂല്യം ലഭിച്ച ഉദ്യോഗാർത്ഥികളിൽ ആ വർഷം പ്രായപരിധി (50 വയസ്സ്) കഴിയുന്ന ഉദ്യോഗാർത്ഥികളെ സീനിയോറിറ്റി ലിസ്റ്റിൽ രജിസ്ട്രേഷൻ പുതുക്കുന്ന മുറയ്ക്ക് തന്നെ ഉൾപ്പെടുത്തുന്നതാണ്. സീനിയോറിററി ലിസ്റ്റ് വകുപ്പിന്റെ വെബ് സൈറ്റ് ആയ www.employment.kerala.gov.in – ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയത് ഉദ്യോഗാർത്ഥികൾക്ക് പരിശോധിക്കുന്നതിനും, സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ അതാത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി ആയവ പരിഹരിക്കാവുന്നതുമാണ്. |
| (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഏത് വർഷമാണ് അവസാനമായി സീനിയോറിറ്റി ലിസ്റ്റ് പുതുക്കിയതെന്ന് വിശദമാക്കാമോ? | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 2024 ൽ ആണ് അവസാനമായി സീനിയോറിറ്റി ലിസ്റ്റ് പുതുക്കിയത്. സീനിയോറിറ്റി ലിസ്റ്റിന്റെ കാലാവധി 3 വർഷമാണ്. നിലവിലെ സീനിയോറിറ്റി ലിസ്റ്റിന്റെ കാലാവധി 2024 മുതൽ 2026 വരെയാണ്. |

സെക്ഷൻ ഓഫീസർ